പ്രവർത്തിക്കുന്നത്. പ്രസ്തുത ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി രണ്ട് ഇൻസ്പെക്ടർ ഓഫ് പോലീസ് (സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്), 14 സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, 14 സീനിയർ സിവിൽ പോലീസ് ഓഫീസർ, 6 സിവിൽ പോലീസ് ഓഫീസർ (വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ) എന്നീ ഉദ്യോഗസ്ഥരെയും ജില്ലാ ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സെൻസേഷണൽ കേസുകളും ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന് കണ്ടെത്തുന്ന കേസുകളും സർക്കാർ, സംസ്ഥാന പോലീസ് മേധാവി, സോണൽ എ.ഡി.ജി.പി.-മാർ, റേഞ്ച് ഐ.ജി.മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് ജില്ലാ ക്രൈംബ്രാഞ്ചുകളിലേയ്ക്ക് അന്വേഷണത്തിനായി കൈമാറാവുന്നതാണ്. പ്രസ്തുത കേസുകളുടെ അന്വേഷണ പുരോഗതി മാസത്തിലൊരിക്കൽ ജില്ലാ ക്രൈംബ്രാഞ്ച് വിഭാഗം അവലോകനം നടത്തുന്നതാണ്. കേസന്വേഷണത്തിൽ പ്രാഗൽഭ്യമുള്ള ഉദ്യോഗസ്ഥരെയാണ് ജില്ലാ ക്രൈംബ്രാഞ്ചുകളിൽ ഉൾപ്പെടുത്തുന്നത്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം

153 (3785) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പോലീസിൽ പരാതി നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) പരാതി നൽകുന്നതിന് വിവര സാങ്കേതികവിദ്യയുടെയും നവ മാധ്യമങ്ങളുടെയും സഹായം സർക്കാർ ഉപയോഗപ്പെടുത്തുമോ ;

(ഡി) പരാതിക്കാരന് രസീത് നൽകുന്ന സംവിധാനം കാര്യക്ഷമമാണോ ; ഇതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണ് ;

(ഇ) ഈ സർക്കാരിന്റെ ഭരണകാലത്ത് പോലീസ് സ്റ്റേഷനുകളിൽ എഴുതി തയ്യാറാക്കിയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഇതിൽ എത്ര എണ്ണത്തിന് കൈപ്പറ്റ് രസീത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രായമായവരും സ്ത്രീകളും മാത്രം താമസിക്കുന്ന വീടുകൾക്ക് സംരക്ഷണം നൽകാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്ത് എത്ര പോലീസുകാരുടെ ഒഴിവുകളുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിലയിരുത്തിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പരാതികൾ നേരിട്ടും Internal Administrative Processing System (iAPS), Telephone, SMS, Mobile Phone, Thapal-എന്നിവ വഴി പരാതികൾ സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) കാര്യക്ഷമമാണ്. Station House officer (SHO)-മാരെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്.

(ഇ) ഈ സർക്കാരിന്റെ ഭരണകാലത്ത് പോലീസ് സ്റ്റേഷനുകളിൽ 1016144 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽനിന്നും 960914 പരാതികൾക്ക് കൈപ്പറ്റ് രസീത് നൽകിയിട്ടുണ്ട്.

(എഫ്) ജനമൈത്രി സുരക്ഷാ പദ്ധതി നിലവിലുള്ള പോലീസ് സ്റ്റേഷനുകളിൽ ഓരോ ബീറ്റ് ഓഫീസറും തങ്ങളുടെ ബീറ്റിലുള്ള പ്രായമായവരും സ്ത്രീകളും മാത്രം താമസിക്കുന്ന വീടുകളുടെ പട്ടിക തയ്യാറാക്കി അത്തരം പ്രദേശങ്ങളിൽ പതിവായി ബീറ്റുകൾ നടത്തി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം നടത്തുന്ന സംവിധാനം നിലവിലുണ്ട്.

(ജി) വിവരം ശേഖരിച്ചുവരുന്നു.

ക്രിമിനൽ കേസ്സുകളിൽ യു.എ.പി.എ. വകുപ്പ് ചുമത്തൽ

154 (3786) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ക്രിമിനൽ കേസ്സുകളിൽ യു.എ.പി.എ. വകുപ്പ് ചുമത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly